بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 17.06.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.***

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 22

اَشْهَدُ اَنْ لَّااِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْکَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِکِ يَوْمِ الدِّيْنِ ○ اِيَّاکَ نَعْبُدُ وَاِيَّاکَ نَسْتَعِيْنُ ○ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത് അബൂബക്കർ(റ)ന്റെ കാലഘട്ടത്തിൽ നടന്ന പതിനൊന്ന് സൈനീക നീക്കങ്ങളിൽ വളരെ ദൈർഘ്യമേറിയ ഒന്നാമത്തെ ദൗത്യത്തെ പരാമർശിച്ചു കഴിഞ്ഞു. ശേഷിക്കുന്ന പത്ത് യുദ്ധദൗത്യങ്ങളിൽ രണ്ട് മൂന്നെണ്ണം ഹദ്റത് ഹുദൈഫയും ഹദ്റത് അർഫജയും മുഖേന ഒമാനിലെ പ്രക്ഷോഭകാരികളായിരുന്ന മുർത്തദ്ദുകൾക്കെതിരിലായിരുന്നു നടത്തപ്പെട്ടിരുന്നത്. ഒമാൻ ബഹ്റൈനെടുത്തുള്ള യമനിലെ ഒരു പട്ടണമാകുന്നു. വിഗ്രഹാരാധകരും അഗ്നിപൂജകരുമായിരുന്നു അവിടെ അധിവസിച്ചിരുന്നത്. റസൂൽ തിരുമേനി(സ)യുടെ അനുഗൃഹീത കാലഘട്ടത്തിൽ ഒമാൻ ഇറാനികളുടെ അധീനതയിലായിരുന്നു. ജൈഫർ എന്ന വ്യക്തിയെ അവർ അവിടെ ഗവർണറായി നിശ്ചയിച്ചിരുന്നു. നബി(സ) വഫാത്താകുകയും അറേബ്യയുടെ നാലുപാടും മതപരിത്യാഗവും പ്രക്ഷോഭവും പടർന്ന് പിടിക്കുകയും ചെയ്തപ്പോൾ ഹദ്റത് അബൂബക്കർ(റ) ഹദ്റത് അംറിബ്നു ആസിനെ ഒമാനിൽ നിന്ന് മദീനയിലേക്ക് വിളിപ്പിച്ചു. മറുഭാഗത്ത് റസൂൽ തിരുമേനി(സ)യുടെ വഫാത്തിനുശേഷം ലഖീദ് ഇബ്നു മാലിക് അസ്ദി രംഗപ്രവേശം നടത്തി. അയാളുടെ സ്ഥാനപ്പേര് ദുത്താജ് എന്നായിരുന്നു. അയാൾ നുബുവ്വത്ത് വാദിക്കുകയുണ്ടായി. ഒമാനിലെ ജാഹിലീംകൾ അയാളെ പിൻപറ്റുകയും ചെയ്തു. അയാൾ ഒമാനെ പിടിച്ചെടുത്തു. ജൈഫറിനും അദ്ദേഹത്തിന്റെ സഹോദരൻ ഇബാദിനും മലകളിൽ അഭയം പ്രാപിക്കേണ്ടിവന്നു. ജൈഫർ എല്ലാ വിവരങ്ങളും ഹദ്റത് അബൂബക്കർ(റ)നെ അറിയിക്കുകയും സഹായമർഥിക്കുകയും ചെയ്തു. ഹദ്റത് അബൂബക്കർ സിദ്ദീഖ്(റ) അവരുടെ അടുത്തേക്ക് രണ്ട് അമീർമാരെ അയച്ചു. ഹുദൈഫ ഇബ്നു മുഹ്സിൻ ഗൽഫാനിയെ ഒമാനിലേക്കും അർഫജ ഇബ്നു ഹർസമയെ മഹ്റയിലേക്കും നിയോഗിച്ചുകൊണ്ട് രണ്ടുപേരും ഒന്നിച്ച് യാത്രചെയ്യണമെന്നും ഒമാനിൽ നിന്ന് യുദ്ധം ആരംഭിക്കണമെന്നും കല്പിക്കുകയുണ്ടായി. മഹ്റ എന്നുള്ളത് യമനിലെ ഒരു ഗോത്രത്തിന്റെ പേരായിരുന്നു. ഒമാനിൽ യുദ്ധമുണ്ടാകുമ്പോൾ ഹുദൈഫ നേതാവായിരിക്കുമെന്നും മഹ്റയിൽ യുദ്ധമുണ്ടാകുമ്പോൾ ഹുദൈഫ സൈന്യാധിപന്റെ കടമ വഹിക്കുമെന്നും കല്പിക്കുകയുണ്ടായി.

ഹദ്റത് അബൂബക്കർ(റ) ഇവർ രണ്ടുപേരുടെയും സഹായത്തിനായി ഹദ്റത് ഇക്രിമ ഇബ്നു അബൂജഹലിനെ നിയോഗിക്കുകയുണ്ടായി. ഹദ്റത് അബൂബക്കർ(റ)ന്റെ കല്പനപ്രകാരം ഇക്രിമ തന്റെ സൈന്യത്തോടൊപ്പം ഒമാനിലേക്ക്, അർജഫയുടെയും ഹുദൈഫയുടെയും പിന്നിലായി സഞ്ചരിച്ചു. അവർ രണ്ടുപേരും ഒമാനിലെത്തുന്നതിന് മുമ്പ് ഇക്രിമ ഒമാനിനടുത്തുള്ള റുജാം എന്ന സ്ഥലത്ത് വെച്ച് അവരുമായി കണ്ടുമുട്ടി. അദ്ദേഹം ജൈഫറിനും ഇബാദിനും തന്റെ സന്ദേശമയച്ചു. മുസ്‌ലിം സൈന്യാധിപന്റെ സന്ദേശം ലഭിച്ചപ്പോൾ ഒളിഞ്ഞിരുന്ന ജൈഫറും ഇബാദും അവരവരുടെ വാസസ്ഥലങ്ങളിൽ നിന്ന് പുറത്തിറങ്ങുകയും സുഹാറിൽ വന്ന് തമ്പടിക്കുകയും ചെയ്തു. അർഫജ, ഇക്രിമ, ഹുദൈഫ എന്നീ മൂന്നുപേർക്കും തങ്ങളുടെ അടുത്ത് വന്ന് തങ്ങുന്നതിനായി അവർ സന്ദേശമയക്കുകയും ചെയ്തു. അങ്ങനെ മുസ്‌ലിംകളുടെ സൈന്യം സിഹാറിൽ ഒരുമിച്ചുകൂടുകയും പ്രാന്തപ്രദേശങ്ങളെ മുർത്തദീംകളിൽ നിന്നും മോചിപ്പിക്കുകയും ചെയ്തു. മറുഭാഗത്ത് ലഖീദ് ഇബ്നു മാലികിന് ഇസ്‌ലാമിക സൈന്യം എത്തിയെന്ന വിവരം ലഭിച്ചപ്പോൾ അയാൾ എതിരിടുന്നതിന് സൈന്യവുമായി പുറപ്പെടുകയും ദബാ എന്ന സ്ഥലത്ത് തമ്പടിക്കുകയും ചെയ്തു. പിന്നീട് ദബായിൽവെച്ച് ഘോരയുദ്ധം നടന്നു. ആരംഭത്തിൽ ലഖീദ് ശക്തമായ യുദ്ധം കാഴ്ചവെക്കുകയും മുസ്‌ലിംകൾ പരാജയത്തിന്റെ വക്കിൽ എത്തുകയും ചെയ്തു.

എന്നാൽ (അല്ലാഹു ഈ നിർണായക ഘട്ടത്തിൽ സഹായിച്ചു.) ലഖീദിന്റെ സൈന്യത്തിന്റെ കാലിടറുകയും അവൻ ചിതറിയോടുകയും ചെയ്തു. മുസ്‌ലിംകൾ അവരെ പിന്തുടരുകയും പതിനായിരം പോരാളികളെ വധിക്കുകയും ചെയ്തു. കുട്ടികളെയും സ്ത്രീകളെയും ബന്ധനസ്ഥരാക്കി. സമ്പത്തിനെയും അങ്ങാടിയെയും കൈവശപ്പെടുത്തി. അതിന്റെ അഞ്ചിലൊന്ന് അർഫജയുടെ കൈയിൽ ഹദ്റത് അബൂബക്കറിന്റെ സവിധത്തിലേക്ക് അയക്കുകയും ചെയ്തു. അങ്ങനെ ഒമാനിലെയും കലാപങ്ങൾ അവസാനിക്കുകയും മുസ്‌ലിംകളുടെ ഭരണം സുശക്തമായ അടിത്തറയാൽ സ്ഥാപിതമാകുകയും ചെയ്തു.

യുദ്ധത്തിനുശേഷം ഹുദൈഫ ഒമാനിൽ തന്നെ വാസമുറപ്പിക്കുകയും അവിടുത്തെ അവസ്ഥകളെ ശരിയാക്കുന്നതിലും ശാന്തിയും സമാധാനവും സ്ഥാപിക്കുന്നതിലും മുഴുകുകയും ചെയ്തു. അർഫജ യുദ്ധമുതലുകളുമായി മദീനയിലേക്ക് മടങ്ങി. അർഫജയെയും ഹുദൈഫയെയും സഹായിച്ചശേഷം മഹ്റയിലേക്കും അവിടുന്ന് യമനിലേക്കും പോയിക്കൊള്ളാൻ അബൂബക്കർ(റ) ഇക്രിമക്കു നിർദേശം നൽകി (ക്കൊണ്ട് പറഞ്ഞു:) യമനിലെയും ഹളർമൗത്തിലെയും സൈനിക നീക്കങ്ങളിൽ നിങ്ങൾ മുഹാജർ ബിൻ അബൂ ഉമയ്യയോടൊപ്പം നില്ക്കുക, ഒമാനിലെയും യമനിലെയും മുർത്തദീങ്ങളോട് പടവെട്ടുക. എനിക്ക് നിങ്ങളുടെ യുദ്ധത്തിലെ വീരഗാഥകൾ അറിയിച്ചുകൊണ്ടിരിക്കുകയും ചെയ്യുക.

ഇക്രിമ തന്റെ വലിയ സൈന്യത്തോടൊപ്പം മുശ്രികീങ്ങളോടു പോരാടാൻ മുന്നോട്ടു കുതിച്ചു. മഹ്റയിൽ നിന്നും അദ്ദേഹം യുദ്ധം ആരംഭിച്ചു. അദ്ദേഹം മഹ്റ ഗോത്രത്തെയും അതുപോലെ പ്രാന്തപ്രദേശങ്ങളേയും കടന്നാക്രമിച്ചു. അവരെ നേരിടാനായി നഗരവാസികൾ രണ്ടു വിഭാഗമായി തിരിഞ്ഞിരുന്നു. ജയ്റൂത്തിലെ ശഖ്രീത്ത് എന്ന വ്യക്തിയുടെ കീഴിൽ ഒരു സംഘം യുദ്ധത്തിന് തയ്യാറായി നിൽക്കുന്നുണ്ടായിരുന്നു. മറ്റൊരു സംഘം നജ്ദിലെ ബനു മഹാറിബിലെ ഒരു വ്യക്തിയായ മുസബ്ബയുടെ കീഴിൽ അണിനിരന്നിരുന്നു. ഈ രണ്ടു സൈന്യാധിപന്മാരും പരസ്പരം ശത്രുക്കളായിരുന്നു. ശഖ്രീത്തിനോടൊപ്പം കുറച്ചുപേർ മാത്രമേയുള്ളൂ എന്ന് ഇക്രിമ കണ്ടപ്പോൾ മുമ്പ് മുസ്‌ലിംകൾ ആയിരുന്ന അവർ മുസ്‌ലിംകളുമായി യുദ്ധം ചെയ്യാതിരിക്കാനായി അവരെ ഇസ്‌ലാമിലേക്ക് മടങ്ങിവരാൻ ക്ഷണിച്ചു. ആദ്യ സംഭാഷണത്തിൽ തന്നെ ശഖ്രീത്ത് അദ്ദേഹത്തിന്റെ ക്ഷണം സ്വീകരിച്ചു. തുടർന്ന് ഇക്രിമ മുസബ്ബയെ ഇസ്‌ലാമിലേക്ക് മടങ്ങി വരാൻ ക്ഷണിച്ചു. എന്നാൽ അയാൾ അത് നിഷേധിച്ചു. ഏതായാലും ഇക്രിമ അവരുമായി യുദ്ധം ചെയ്യുകയും അദ്ദേഹത്തോടൊപ്പം സഹായത്തിനായി ശഖ്രീത്ത് നിലകൊള്ളു കയും ചെയ്തു. പ്രക്ഷോഭകാരികളുടെ സൈന്യ ത്തിന് അല്ലാഹു പരാജയം നൽകി. അവരുടെ നേതാവ് വധിക്കപ്പെട്ടു. പിന്തിരിഞ്ഞോടിയവരെ മുസ്‌ലിംകൾ പിന്തുടർന്നു. ഒരുപാടു പേരെ വധി ക്കുകയും ധാരാളം പേരെ ബന്ദികളാക്കുകയും ചെയ്തു. യുദ്ധമുതലുകളുടെ കൂട്ടത്തിൽ 2000 നല്ല ഇനത്തിലുള്ള ഒട്ടകങ്ങളെയും മുസ്‌ലിംകൾക്ക് ലഭിച്ചു.

മെഹ്റയ്ക്ക് ശേഷം യെമനിലേക്ക് പോകാനും, യെമന്റെയും ഹളർമൗത്തിലെയും നടപടികളിൽ ഹദ്റത്ത് മുഹാജിർ ബിൻ അബീ അയ്മനൊപ്പം നിൽക്കാനും ഒമാനും യെമനും ഇടയിൽ മുർത്തദ്ദായ എല്ലാവരെയും അടിച്ചമർത്താനും ഹദ്റത്ത് അബൂബക്കർ സിദ്ദിഖ്(റ) ഇക്രിമക്ക് നിർദേശം നൽകിയിരുന്നു. ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഈ നിർദേശം നിറവേറ്റിക്കൊണ്ട് ഹദ്റത്ത് ഇക്രിമ മെഹ്റയിൽ നിന്നും യെമനിലേക്ക് മുന്നേറി. ഹദ്റത്ത് ഇക്രിമ തെക്കൻ യെമനിൽതന്നെ താമസിച്ച് നഖ, ഹമീർ എന്നീ ഗോത്രങ്ങളെ അടിച്ചമർത്തുന്നത് തുടർന്നു. യമന്റെ വടക്കുഭാഗത്തേക്ക് പോകേണ്ട ആവശ്യം തന്നെ അദ്ദേഹത്തിനുണ്ടായില്ല. യെമനിനോട് ചേർന്ന് ഹളർമൗത്ത് എന്ന പ്രദേശത്തായിരുന്നു ഖന്ദഃ ഗോത്രം താമസിച്ചിരുന്നത്. ഈ പ്രദേശത്തിന്റെ പ്രവർത്തകൻ ഹദ്റത്ത് സിയാദ് ബിൻ ലബീദ് ആയിരുന്നു. അദ്ദേഹം സക്കാത്തുമായി ബന്ധപ്പെട്ട് നിർബന്ധം ചെലുത്തിയിരുന്നു. അതിനാൽ അദ്ദേഹത്തിനെതിരെ കലാപം പൊട്ടിപ്പുറപ്പെട്ടു. അപ്പോൾ ഹദ്റത്ത് ഇക്രിമയും ഹദ്റത്ത് മുഹാജിർ ബിൻ അബു ഉമയ്യയും അദ്ദേഹത്തിന്റെ സഹായത്തിനായെത്തി.

ഹദ്റത്ത് ഇക്രിമ മതപരിത്യാഗികളുമായുള്ള യുദ്ധം കഴിഞ്ഞു മദീനയിൽ എത്തിയ സമയത്ത് ഹദ്റത്ത് അബൂബക്കർ(റ) ഖാലിദ് ബിൻ സഈദിന്റെ സഹായത്തിനായി പോവാൻ പറഞ്ഞു. എന്നാൽ മതപരിത്യാഗികളുമായുള്ള യുദ്ധത്തിൽ തന്റെ കൂടെ പങ്കെടുത്ത സൈന്യത്തിന് ഇക്രിമ അവധി നൽകിയിരുന്നതിനാൽ അബൂബക്കർ(റ) അതിനു പകരമായി മറ്റൊരു സൈന്യത്തെ തയ്യാറാക്കി കൊണ്ട് ശാമിലേക്ക് യാത്രയാക്കി. ഇക്രിമ അവിടെ നടത്തിയ പരിശ്രമങ്ങളേയും ഒടുവിൽ അദ്ദേഹം ശഹീദാവുകയും ചെയ്തതിനെ സംബന്ധിച്ചുള്ള വിവരണം ഇൻശാ അല്ലാഹ് പിന്നിട് വിവരിക്കുന്നതാണ്.

അഞ്ചാമത്തെ ഉദ്യമം ഹദ്റത്ത് ശുർഹ്ബീൽ ബിൻ ഹസ്നയും മതപരിത്യാഗികളും തമ്മിലുള്ളതാണ്. ഹദ്റത് ശുർഹ്ബീൽ ബിൻ ഹസ്ന ആദ്യകാല ഇസ്ലാം സ്വീകരിച്ചവരിൽപെട്ട ആളായിരുന്നു. തന്റെ സഹോദങ്ങളുടെ കൂടെ ഹബ്ശയിലേക്ക് പാലായനം ചെയ്തു. ഹബ്ശയിൽ നിന്നും തിരിച്ച് മക്കയിൽ വന്നപ്പോൾ ബനൂ സറീഖിന്റെ ഭവനത്തിലാണ് താമസിച്ചിരുന്നത്. ഖിലാഫത്തെ റാശിദയുടെ സമയത്ത് പ്രസിദ്ധരായ സേനാധിപന്മാരിൽ ഒരാളായിരുന്ന അദ്ദേഹം ഹിജ്റ 18 ൽ 67 വയസ്സിൽ പ്ലേഗ് പിടിപെട്ട് വഫാത്തായി.

ആറാമത്തെ ഉദ്യമം അംറുബിൻ ആസും മതപരിത്യാഗികളുമായി ബന്ധപ്പെട്ടതാണ്. ഹദ്റത്ത് അബൂബക്കർ(റ) ഒരു പതാക അംറുബിൻ ആസിനു നൽകിയിരുന്നു. ഖസാ, വദീഅ, ഹാരിസ് എന്നീ മൂന്ന് ഗോത്രങ്ങൾക്ക് എതിരായി നീങ്ങാനുള്ള കൽപനയും നൽകി. ഖസാ ഗോത്രം വളരെ പ്രസിദ്ധവും മദീനയിൽ നിന്നും ഖുറാ പർവതനിരയും കടന്ന് മദാഇനെ സുലഹ്ന്റെ പടിഞ്ഞാറു ഭാഗത്താണുള്ളത്. ഹദ്റത്ത് അംറുബിൻ ആസിനെ കുറിച്ചുള്ള ചുരുങ്ങിയ വിവരണം ഇപ്രകാരമാകുന്നു, അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ആസ് ബിൻ വാഇൽ എന്നും മാതാവിന്റെ പേര് നാബിഗ ബിൻത് ഹർമല എന്നും ആയിരുന്നു. ഹദ്റത്ത് അംറി ബ്നു ആസ് ഹിജ്റ 8 മക്കാ വിജയത്തിന് ആറുമാസം മുമ്പാണ് ഇസ്ലാം സ്വീകരിച്ചത്. മിസറിന്റെ വിജയം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു.

അബൂബക്കർ(റ) 11 പതാകകൾ തയ്യാറാക്കിയിരുന്നു, അതിൽ ഒന്ന് അംറുബിൻ ആസിനായിരുന്നു. അദ്ദേഹം ഖസാഅയിലെ മതപരിത്യാഗികളുമായി യുദ്ധം ചെയ്യാനുള്ള ഉത്തരവാദിത്വം അദ്ദേഹത്തെ ഏല്പിച്ചു. കാരണം അദ്ദേഹം നബിതിരുമേനിയുടെ ജീവിതകാലത്തും ദാത്തുസ്സലാസിൽ യുദ്ധത്തിൽ ഖസാഅയുമായി പോരാടിയിരുന്നതിനാൽ ആ ഗോത്രത്തിന്റെ എല്ലാ കാര്യങ്ങളും അവിടെയുള്ള വഴികളും അദ്ദേഹത്തിന് നല്ല വശമായിരുന്നു. ഖസാഅ ഗോത്രം താൽപര്യത്തോടെയായിരുന്നില്ല ഇസ്ലാമിലേക്ക് പ്രവേശിച്ചത്; ഇസ്ലാമിനോടുള്ള സ്നേഹം അവരുടെ ഹൃദയത്തിൽ ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ റസൂൽ തിരുമേനി(സ)യുടെ വഫാത്തിന് ശേഷം സക്കാത്ത് നൽകുന്നത് അവർ നിഷേധിച്ചു. ഖലീഫയുടെ ഭാഗത്തുനിന്നും കല്പന ലഭിച്ച മുറക്ക് തന്നെ അംറുബിൻ ആസ് തന്റെ സൈന്യസമേതം ഖസാഅയിലേക്ക് പുറപ്പെട്ടു. ഖസാഅയിലെ ജനങ്ങൾ യുദ്ധത്തിനായി എല്ലാ തയ്യാറെടുപ്പും നടത്തിയതായി അദ്ദേഹം അവിടെയെത്തിയപ്പോൾ കണ്ടു. അങ്ങനെ രൂക്ഷമായ യുദ്ധം അരങ്ങേറി. മുമ്പത്തെപ്പോലെ ഇപ്പോഴും ഖസാഅയ്ക്ക് തന്നെ പരാജയം ഏറ്റുവാങ്ങേണ്ടി വന്നു. അംറുബിൻ ആസ് അവരിൽ നിന്നും സകാത്ത് വാങ്ങുകയും രണ്ടാമതും അവരെ ഇസ്ലാമിലേക്ക് പ്രവേശിപ്പിക്കുകയും വിജയശ്രീലാളിതനായി മദീനയിലേക്ക് മടങ്ങുകയും ചെയ്തു. ബാക്കിയുള്ള യുദ്ധദൗത്യങ്ങളെ കുറിച്ച് ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതായിരിക്കും.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ- عِبَادَاللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 17.06.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**